## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4120 — 26.06.2013 -ൽ മറുപടിക്ക്.

### വേതന സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. എം. പി. വിൻസെൻറ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സർക്കാരിൻെറ ഒരു വർഷത്തെ കർമ്മപരിപാടിയിലെ 468-ാം ഇനമായി വിവിധ വ്യവസായങ്ങളിൽ ഇ - പേയ്മെൻറ് സംവിധാനം ഏർപ്പെടുത്തി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം കെൽട്രോണിൻെറ സഹായത്തോടെ നിലവിലുള്ള ലേബർ കമ്മീഷണറേറ്റ് ഓട്ടോമേറ്റഡ് സിസ്റ്റം (എൽ. സി. എ.എസ്) എന്ന സംവിധാനത്തിൽ ഇ - പേയ്മെൻറ് ഘടകം കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുവാനുള്ള പ്രൊപ്പോസലിൻെറ കരട് പരിഗണനയിലാണ്. |
| (ബി) ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ചെറുകിട ബാങ്കുകൾ (സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ) ടെക്സ്റ്റൈൽ സ്ഥാപനങ്ങൾ, ജുവല്ലറികൾ, സ്വകാര്യ ആശുപത്രികൾ, ഐ. ടി . മേഖല, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിർമ്മാണ മേഖല മുതലായവയിൽ പണിയെടുക്കുന്ന തൊഴിലാളിയുടെ വേതനം ഇ - പേയ്മെൻറ് പ്രകാരം ബാങ്കുകളിലൂടെ നൽകുവാനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മാത്രമല്ല തൊഴിലാളികൾക്ക് നിയമാനുസൃതം ലഭിക്കേണ്ടതായ മിനിമം വേതനം ഉടമകൾ നൽകുന്നുണ്ടോയെന്ന് ഓൺലൈനായി പരിശോധിച്ച് ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതടക്കം മറ്റു പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുവാനും ഉദ്യോഗസ്ഥർക്ക് ഈ സംവിധാനത്തിലൂടെ സാധ്യമാകും. |

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ തൊഴിലുടമകൾക്ക്, തൊഴിലാളികൾക്കുള്ള വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. ഈ തുക പേയ്മെൻറ് ഗേറ്റ്വേയിലൂടെ തൊഴിലാളികളുടെ ആധാർ നമ്പറുമായി ബന്ധപ്പെടുത്തി, അവരുടെ തന്നെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നു. തൊഴിലാളികൾക്ക് ബന്ധപ്പെട്ട ബാങ്ക് മുഖേന എ. ടി. എം. കാർഡുകൾ ഉപയോഗിച്ച് തുക പിൻവലിക്കാവുന്ന സൗകര്യമാണ് ഇതുവഴി പ്രദാനം ചെയ്യുന്നത്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948 -ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് തൊഴിലാളികൾക്ക് നൽകുന്നുണ്ടോ എന്ന് ഓൺലൈനായിതന്നെ പരിശോധിക്കുവാനും ഇതിൽ വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും കഴിയും.

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) തൊഴിൽ വകുപ്പിന്റെ നൂതന ഇ-ഗവേർണൻസ് സംരംഭമായ വേതന സുരക്ഷാ പദ്ധതിയുടെ ഭാഗമായി കെൽട്രോൺ തൊഴിൽ വകുപ്പിന് വേണ്ടി രൂപകല്പന ചെയ്ത് നടപ്പാക്കിയിട്ടുള്ള ലേബർ കമ്മീഷണറേറ്റ് ഓട്ടോമേറ്റഡ് സിസ്റ്റം (എൽ. സി. എ. എസ്) എന്ന ഓൺ - ലൈൻ സംവിധാനത്തിൽ ഇ - പേയ്മെൻറ് ഘടകം കൂടി സംയോജിപ്പിച്ച് വേതന സുരക്ഷാ പദ്ധതി സമയബന്ധിതമായി നടപ്പാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭ നടപടിയായി കെൽട്രോണിൽ നിന്നും ലഭിച്ചിട്ടുള്ള ടി പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ കരട് പ്രൊപ്പോസൽ പരിഗണനയിലാണ്.

സെക്ഷൻ ആഫീസർ.